ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ:) ശവമ്മെണ്ടാഗ്രുപത്രികളിൽ എ. എൻ. എസ്സ്. നഴ്സുകളെ ആരേയും നിയമിച്ചിട്ടില്ല. അങ്ങിനെ നിയമിക്കാത്തതിനു കാരണം അവക്ക് അതിനുവേണ്ട യോഗ്യതകൾ ഇല്ലെന്നുള്ളതാണ്.

ശ്രീ. ജോസഫ് മാത്തൻ: അവക്ക് മിലിട്ടറി സർവ്വീസിൽനിന്നും കിട്ടിയിട്ടുള്ള പരിശീലനം ആശുപത്രികളിൽ നഴ്സുകളായി നിയമിക്കപ്പെടുന്നതിനു മതിയായ യോഗ്യതയല്ലെന്നാണോ അഭിപ്രായം?

ശ്രീ. എ. ജെ. ജോൺ: അതേ, അങ്ങിനെതന്നെയാണ്. ആശുപത്രികളിൽ നഴ്സായി നിയമിക്കപ്പെടുന്നതിനു നാലുകൊല്ലത്തെ പ്രായോഗികപരിശീലനം ഉണ്ടായിരിക്കണമെന്നും സ്കൂൾഫൈനൽ ക്ലാസുവരെ പഠിച്ചിരിക്കണമെന്നും വ്യവസ്ഥയുണ്ട്. എ. എൻ. എസ്സ്. നഴ്സുകൾക്കു ഈവക യോഗ്യതകൾ കണ്ടമില്ല. ആറുമാസത്തെ പരിശീലനം മാത്രമാണ് അവക്ക് ലഭിക്കുന്നതു്.

പാഠ്യപുസ്തകക്കമ്മിറ്റി അംഗങ്ങൾ

*ഫര(൭). (വ) ശ്രീ. മങ്കുഴി എം. മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സ്കൂൾവർഷത്തേക്കു് പാഠ്യപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിനായി ഒരു കമ്മിറ്റി ഉണ്ടായിരുന്നുവോ;

(ബി) ഈ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമായിരുന്നു;

(സി) കമ്മിറ്റി അംഗങ്ങളുടെ പേരുകൾ രഹസ്യമായി സൂക്ഷിക്കുവാൻ കാരണമെന്തു്;

(ഡി) ഈ കമ്മിറ്റി അംഗങ്ങളെ നിയമിച്ചതാരായിരുന്നു;

(ഇ) പതിനഞ്ചുപാവീതം ഫീസുവാങ്ങിയിരുന്നിട്ടും ഏതാനും പുസ്തകങ്ങൾ ടെക്സ്റ്റ്ബുക്കു കമ്മിറ്റിയുടെ പരിശോധനക്കു് അയക്കാതിരുന്നതു എന്തുകൊണ്ടാണു്;

(എഫ്) 'ഭാസ്കരമേനോൻ' എന്ന പുസ്തകം കമ്മിറ്റിക്കു പരിശോധനക്കയക്കാതെ പാഠ്യപുസ്തകമായി സ്വീകരിച്ചതെന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടായിരുന്നു.

(ബി) കമ്മിറ്റി അംഗങ്ങളുടെ ലിസ്റ്റ് ഇതോടൊന്നിച്ചു ചേർത്തിട്ടുണ്ടു്. അതൊരു നീണ്ട ലിസ്റ്റാണു്. അതു മേശപ്പുറത്തു വയ്ക്കുന്നു.

(സി) പരിശോധകന്മാരിൽ പ്രസാധകന്മാർ സ്വാധീനശക്തി പ്രയോഗിക്കാൻ സൗകര്യം കൊടുക്കാതെ പുസ്തകങ്ങളെ നിഷ്പക്ഷമായ പരിശോധനക്കു വിധേയമാക്കണമെന്നു വിചാരിച്ചതിനാലാണു് കമ്മിറ്റിഅംഗങ്ങളുടെ പേരുകൾ ആദ്യം രഹസ്യമായി സൂക്ഷിച്ചതു്.

(ഡി) ശവമ്മെണ്ടു്.

(ഇ) പുസ്തകങ്ങൾ കമ്മിറ്റിക്കു സമർപ്പിക്കുന്നതിനു ചില നിയമങ്ങൾ ഉണ്ടായിരുന്നു. നിയമപ്രകാരം കമ്മിറ്റിക്കയച്ചിട്ടുള്ള എല്ലാ പുസ്തകങ്ങളും കമ്മിറ്റിയുടെ പരിശോധനക്കയച്ചിട്ടുണ്ടു്.

(എഫ്) അഞ്ചാം ഫാറത്തിലേക്കു മലയാളത്തിൽ നോൺഡീറ്റെയിൽഡ് ടെക്സ്റ്റ്റീഡറായി രണ്ടു പുസ്തകങ്ങൾ തെരഞ്ഞെടുക്കേണ്ടിയിരുന്നു. എന്നാൽ കമ്മിറ്റി അംഗങ്ങൾ എല്ലാവരും ഒരുപോലെ അംഗീകരിച്ച ലിസ്റ്റിൻപ്രകാരം ഒരു പുസ്തകമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ മറ്റൊരു പുസ്തകംകൂടി തെരഞ്ഞെടു

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനു കമ്മിറ്റി നിർബ്ബന്ധിതമാവുകയും പാഠ്യപുസ്തകമായി അംഗീകരിക്കാൻ യോഗ്യതയുള്ള പുസ്തകങ്ങളുടെ അഭാവത്തിൽ വെളിയിൽനിന്നും നല്ല പുസ്തകങ്ങൾ തെരഞ്ഞെടുക്കാൻ കമ്മിറ്റിക്കുള്ള അധികാരമുപയോഗിച്ച് 'ഭാസ്കരമേനോൻ' എന്ന പുസ്തകം പാഠ്യപുസ്തകമായി സ്വീകരിക്കയും ചെയ്തു.

ശ്രീ. കെ. ആർ. ഇലങ്കത്ത് : 'ഭാസ്കരമേനോൻ' എന്ന പുസ്തകവും കമ്മിറ്റിക്കയച്ചിരുന്നെങ്കിൽ അതും തള്ളുകയില്ലായിരുന്നു എന്നു എന്തുറപ്പാണുള്ളതു ?

Mr. Speaker: The answer was given that the book was not sent to the Committee. The question, therefore, being hypothetical is disallowed.

ശ്രീ. കെ. എം. കോര : ആ പുസ്തകത്തിന്റെ ഗ്രന്ഥകർത്താവു് ആരാണു് ?

ശ്രീ. ടി. കെ. നാരായണപിള്ള : കൊച്ചിരാജകുടുംബത്തിലെ ഒരു അംഗമായ അപ്പൻതമ്പുരാനാണു്.

ശ്രീ. കെ. ആർ. ഇലങ്കത്ത് : 'ഭാസ്കരമേനോൻ' എന്ന പുസ്തകം ഒരു ഡിറക്ടീവു് നോവലാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ആണെന്നാണു് എന്റെ സ്വന്തം അഭിപ്രായം.

Sri. P. S. Nataraja Pillai: May I know, Sir, the number of books that were submitted and the probable number that were selected out of that ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു വേറൊരു ചോദ്യത്തിൽ വരുന്നുണ്ടു്. അതിനു് പിന്നീടു ഉത്തരം പറയുന്നതാണു്.

ശ്രീ. വി. എ. അബ്ദുൽ അസീസ് : ഭാഷാ ഫാഠത്തിലേക്കു് നാൽഡീറയിൽഡായി തെരഞ്ഞെടുക്കപ്പെട്ടതിനു് എത്ര പുസ്തകങ്ങളാണു് കമ്മിറ്റിക്കു കിട്ടിയിട്ടുള്ളതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള : 'ഭാസ്കരമേനോൻ' എന്ന പുസ്തകം തെരഞ്ഞെടുത്തതു ആരാണു് ? അതു കമ്മിറ്റിയിൽനിന്നമല്ല തെരഞ്ഞെടുപ്പെട്ടതു് എന്നു പറഞ്ഞല്ലോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഗവമ്മെണ്ടിൽനിന്നുമാണു് തെരഞ്ഞെടുത്തതു്.

ശ്രീ. എ. താണുപിള്ള : എന്നു പറഞ്ഞാൽ കമ്മിറ്റിയോടു ആലോചിക്കാതെ ഗവമ്മെണ്ടു തെരഞ്ഞെടുത്തു എന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : കമ്മിറ്റി അംഗങ്ങളിൽ അപ്പോൾ തിരുവനന്തപുരത്തു ഉണ്ടായിരുന്നവരോടെല്ലാം ആലോചിച്ചു് അഭിപ്രായം അറിഞ്ഞതിനുശേഷമാണു് ഗവമ്മെണ്ടു് ആ പുസ്തകം തെരഞ്ഞെടുത്തിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള : ഗവമ്മെണ്ടിൽനിന്നും നേരിട്ടു പുസ്തകം തെരഞ്ഞെടുത്തു എന്നു പറഞ്ഞു. ആരാണു് ഈ വിഷയത്തിൽ ഗവമ്മെണ്ടിനെ ഉപദേശിച്ചിട്ടുള്ളതു് ? ഗവമ്മെണ്ടെന്നു പറയുന്നതു വിദ്യാഭ്യാസമന്ത്രിതന്നെയാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള : വിദ്യാഭ്യാസമന്ത്രി മാത്രമല്ല. അതേപ്പറ്റി അഭിപ്രായം പറയാൻ അർഹതയുള്ള മറ്റു പലരും ഉണ്ടായിരുന്നു. അതിനുപുറമെ വിദ്യാഭ്യാസമന്ത്രിയും ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : അർഹതയുള്ള ആളുകളുണ്ടായിരുന്നു എന്നു പറഞ്ഞാൽ ആ ആളുകൾ ആരാണെന്നാണ് ഞാൻ ചോദിക്കുന്നത് ?

ശ്രീ. ടി. കെ. നാരായണപിള്ള : ഗവണ്മെണ്ടധികാരികൾതന്നെ.

ശ്രീ. എ. താണുപിള്ള : ഇതു ഒരു സാമ്പത്തികകാര്യമാണ്. അക്കാര്യത്തിൽ ഗവണ്മെണ്ടിനെ ഉപദേശിക്കുവാൻ അർഹതയുള്ളവർ ആരു് എന്നാണ് എനിക്കറിയേണ്ടതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെണ്ടു് അസിസ്റ്റാണ്ടു് സെക്രട്ടറി മലയാള പുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം അഭിപ്രായം പറയാൻ അർഹതയുള്ള ആളാണ്.

ശ്രീ. മന്നാർ ഗോപാലൻനായർ : 'ഭാസ്കരമേനോൻ' എന്ന പുസ്തകം തെരഞ്ഞെടുത്തതു് ഏതോ സ്വാധീനശക്തി പ്രയോഗിച്ചതിന്റെ ഫലമായിട്ടാണെന്നു് ഒരു പത്രപ്രസ്താവന ഉണ്ടായിരുന്നതായി അറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടായിരുന്നിരിക്കാം.

ശ്രീ. മന്നാർ ഗോപാലൻനായർ : അതേപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള : ആ പുസ്തകത്തിന്റെ പ്രസാധകന്മാർ ആരാണു് ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു നോക്കിയേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ടെക്സ്റ്റ്ബുക്ക് കമ്മിറ്റി അംഗങ്ങളുടെ കൂട്ടത്തിൽ ഹരിജനങ്ങൾ ആരെങ്കിലും ഉണ്ടായിരുന്നോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു ആ ലിസ്റ്റ് പരിശോധിച്ചാൽ അറിയാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ടെക്സ്റ്റ്ബുക്ക് കമ്മിറ്റിയിൽ ഹരിജനങ്ങൾക്കു വളരെക്കാലമായി പ്രാതിനിധ്യം നൽകിക്കൊണ്ടിരുന്നു എന്ന വിവരം ഗവണ്മെണ്ടിനറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അറിയാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : അങ്ങനെയിരിക്കെ ഇപ്പോഴത്തെ കമ്മിറ്റിയിൽമാത്രം അവർക്കു പ്രാതിനിധ്യം അനുവദിക്കാതെ അവരെ അവഗണിക്കുന്നതിനു കാരണം എന്താണു് ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ അവഗണിച്ചിട്ടുണ്ടോ എന്നതന്നെ നിശ്ചയമില്ല. ആ സ്ഥിതിക്കു് അതിന്റെ കാരണം പറയേണ്ട ആവശ്യമില്ലല്ലോ.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള : ഈ പുസ്തകം തെരഞ്ഞെടുക്കുന്ന വിഷയത്തിൽ തിരുവനന്തപുരത്തുണ്ടായിരുന്ന കമ്മിറ്റി അംഗങ്ങളോടെല്ലാം അഭിപ്രായം ആരാഞ്ഞിട്ടുണ്ടു് എന്നു പറയുകയുണ്ടായി. തിരുവനന്തപുരത്തുണ്ടായിരുന്ന ഒരു പ്രത്യേക അംഗത്തോടുമാത്രം ആലോചിച്ചു എന്നാണോ അതോ തിരുവനന്തപുരത്തുണ്ടായിരുന്ന എല്ലാ അംഗങ്ങളോടും ആലോചിച്ചു എന്നാണോ അർത്ഥമാക്കുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : അപ്പോൾ തിരുവനന്തപുരത്തുണ്ടായിരുന്ന എല്ലാ അംഗങ്ങളോടും ആലോചിച്ചിട്ടുണ്ട്.

സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : ശ്രീ. സി. നാരായണപിള്ളയോട് മാത്രമെ ആലോചിച്ചിട്ടുള്ളു എന്ന വിദ്യാഭ്യാസമന്ത്രിയുടെ ഒരു പ്രസ്താവന ഉണ്ടായിരുന്നതു ശരിയാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ ഒരു പ്രസ്താവന ഉണ്ടായിരുന്നെങ്കിൽ അതു ശരിയായിരിക്കും.

ശ്രീ. വി. കെ. വർഗ്ഗീസ് : ഇക്കൊല്ലത്തെ പാഠപുസ്തകങ്ങളുടെ തെരഞ്ഞെടുപ്പുസംബന്ധിച്ച് വളരെ പരാതികൾ ഉണ്ടായിട്ടുണ്ടെന്നറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇക്കൊല്ലം മാത്രമല്ല, എല്ലാക്കൊല്ലവും ഇതുസംബന്ധിച്ചു ധാരാളം പരാതികൾ ഉണ്ടാകാറുണ്ട്.

Sri. P. Balakrishnan Tampi : In view of the very satisfactory answer of the Hon'ble Chief Minister, would the Government give an assurance to this House that such things would not be repeated hereafter ?

Mr. Speaker : That does not constitute a question.

Sri. P. Balakrishnan Tampi : Would he give an assurance that such very satisfactory arrangements will not be repeated hereafter ?

Mr. Speaker : The assumption underlying the question is not an admitted fact. Question disallowed.

ശ്രീ. കെ. ആർ. ഇലങ്കത്ത് : അഞ്ചാം ഫാറത്തിലേക്ക് നാൽവിറയിൽ ഡായി തെരഞ്ഞെടുക്കുന്നതിനു പുസ്തകങ്ങൾ ആവശ്യമുണ്ടെന്നു പ്രസിദ്ധീകരണശാലക്കാരേയും ഗ്രന്ഥകർത്താക്കന്മാരേയും അറിയിച്ചതിനും, പുസ്തകങ്ങൾ ആവശ്യപ്പെട്ടതിനും ശേഷമാണോ ഗവണ്മെണ്ടിൽനിന്നും ഇങ്ങനെ ഒരു പുസ്തകം തെരഞ്ഞെടുത്തിട്ടുള്ളതു ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിന്റെ ഉത്തരം ഞാൻ നേരത്തെതന്നെ പറഞ്ഞുകഴിഞ്ഞു.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : ടെക്സ്റ്റ്ബുക്കുകളുടെ പ്രസിദ്ധീകരണം സംബന്ധിച്ച് ശ്രീ. സി. കേശവൻ പ്രസിഡണ്ടായി ഗവണ്മെണ്ടിൽനിന്നും ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നില്ലേ ?

ശ്രീ. ടി. കെ. നാരായണപിള്ള : നിയമിച്ചിരുന്നു.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : ആ കമ്മിറ്റി ഇപ്പോഴും നിലവിലുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : ആ കമ്മിറ്റി എന്തെങ്കിലും സ്കീം ഗവണ്മെണ്ടിലേക്കു സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ട്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : ആ സ്കീം ഈ സഭയിലെ അംഗങ്ങളുടെ അറിവിനായി പ്രസിദ്ധീകരിക്കുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. എം. രാമണപിള്ള : ആദ്യമായി ഒരു വലിയ കമ്മിറ്റി ഉണ്ടാക്കുകയും ആ കമ്മിറ്റി പരിശോധനക്കുശേഷം തെരഞ്ഞെടുത്ത പുസ്തകങ്ങൾ രണ്ടാമതു മുന്നുപേരടങ്ങിയ ഒരു കമ്മിറ്റിയുടെ പരിശോധനക്കു വിധേയമായി അവസാ

LIBRARY ARCHIVES Kerala Legislative Assembly

നമായി തെരഞ്ഞെടുക്കുകയും ചെയ്തു എന്നു കേൾക്കുന്നു. ആ നടപടിയാണോ ഗവണ്മെണ്ടിൽനിന്നും സ്വീകരിച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയാണോ എന്നു സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. സി. പ്രസാദ്: ടെക്സ്റ്റ്ബുക്ക് കമ്മിറ്റി തെരഞ്ഞെടുത്തിട്ടുള്ള പുസ്തകങ്ങളും എല്ലാം അച്ചടിച്ചു കമ്മിറ്റിയുടെ അംഗീകാരത്തിനു് സമർപ്പിച്ചിട്ടുള്ളവയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേ. അങ്ങിനെയുള്ളവമാത്രമെ കമ്മിറ്റി തെരഞ്ഞെടുത്തിട്ടുള്ളൂ.

[Vide answer (*b*) to Q. No. 147 (8)]

Recommendation Committee (English)

S. No.	*Name and address of member*
1.	Rao Sahib I. N. Menon, Retired Director of Public Instruction, Travancore-Cochin State
2.	Sri. Kora M. Mani, Principal, Training College, Trivandrum
3.	Sri. Kainikkara M. Kumara Pillai, Lecturer, Training College, Trivandrum

Recommendation Committee (Tamil)

1. Rao Sahib M. Raghava Iyengar, Professor of Tamil, University of Travancore, Trivandrum
2. Sri. R. Veerabhadran, M.A., L.T., Lecturer, Government Intermediate College, Trivandrum.

Recommendation Committee (Malayam)

1. Hon'ble Minister for Education (Chairman)
2. Prof. Joseph Mundasserry, St. Thomas College, Trichur
3. Sri. C. Narayana Pillai, M. L. A., Trivandrum
4. Dr. P. J. Thomas, Marampally
5. Sry. Ambadi Karthiayani Amma, Headmistress, Government English High School for Girls, Ernakulam
6. Sri. K. Aiyyappan, Ex-Minister, Ernakulam
7. Sri. G. Sankara Kurup, Maharaja's College, Ernakulam.

LIST OF MEMBERS OF THE SCRUTINY COMMITTEES

English

1 Sry. V. K. Droupathi Amma, Retired Headmistress, V. G. School, Trichur
2 Miss C. Thankom, Lecturer, Chittur College, Nemmara
3 Sri. Kora M. Mani, Principal, Training College, Trivandrum
4 Prof. K. J. Augustine, M.A., Maharaja's College, Ernakulam
5 Miss P. Brookes-Smith, Headmistress, Balikamatom E. H. S. for girls, Thiruvella
6 Sri. Kainikkara M. Kumara Pillai, Lecturer, Training College, Trivandrum
7 Sri. P. K. Pillai, Headmaster, Model School, Trivandrum
8 Sri. K. Narayanan, Principal, Law College, Ernakulam
9 Dr. Sivaramasubramonia Iyer, Professor of English, University College, Trivandrum
10 Miss Anna Nidhiri, Principal, Women's College, Trivandrum
11 Sri. V. P. Sankaran Nair, Headmaster, N. S. H. S., Ashtamichira, Mala, Cochin
12 Prof. P. Sankaran Nambiar, Principal, Kerala Varma College, Trichur

LIBRARY ARCHIVES Kerala Legislative Assembly

S. No.	*Name and address of member*
	Malayalam
13	Nambiar Veettil Sri. Narayana Menon, Pandit, High School, Irinjalakuda
14	Sry. B. Anandavalli Amma, Lecturer, Women's College, Trivandrum
15	Sri. Vennikulam Gopala Kurup, Pandit, Manuscripts Library, Trivandrum
16	Sri. T. M. Chummar, S. H. College, Thevara
17	Sri. N. Krishna Pillai, Malayalam Lecturer, University College, Trivandrum
18	Mrs. A. Velayudha Menon, Headmistress, G. H. S., Ernrkulam
19	Sri. P. N. Kunjan Pillai' Assistant Secretary to Government, Trivandrum
20	Sri. K. Balarama Panicker, Pandit, Sanskrit College, Trivandrum
21	Sri. E. Shahul Hameed. Teacher, E. H. S. for Mohamedens, Alleppey
22	Sri. K. Ayyappan, Ex-Minister, Ernakulam
23	Sri. C. Narayana Pillai, M. L. A., Trivandrum
24	Sri. A. C. Kuriakose, Ex-M. L. A., Retired Malayalam Pandit, Palai
25	Sri. G. Sankara Kurup, Lecturer, Maharaja's College, Ernakulam
26	Dr. K. Goda Varma, Professor of Malayalam, University College, Trivandrum
27	Sri. P. V. Krishnan Nair, B.O.L., Lecturer, Maharaja's College, Ernakulam
	Tamil
28	Sri. S. Chenthiperumal, Lecturer in Tamil, University College, Trivandrum
29	Sri. C. E. Yesudian, Inspector of Primary and Middle Schools Kuzhithura
30	Sri. R. Veerabhadran, M.A., L.T., Lecturer, Government Intermediate College, Trivandrum
31	Rao Sahib R. Raghava Iyyengar, Professor of Tamil, University of Travancore, Trivandrum
32	Sri. C. Pannirukaiperumal Mudaliar, Retired Tamil Lecturer, Kottar
33	Sri. S. Kumara Velu, M.A., L.T., Teacher S. L. B. E. H. S., Nagercoil
	Sanskrit
34	Sri. N. Gopala Pillai, Principal, Sanskrit College, Trivandrum
35	Sri. M. K. Govindan, S. N. V. College, Quilon
36	Sri. Kannampuzha Krishna Warrier, Pandit, University College, Trivandrum
	Hindi
37	Sri. A. Chandrahassan, M.A., Maharaja's College, Ernakulam
38	Sri. N. Parameswara Menon, B.A., Hindi Lecturer, St. Thomas College, Trichur
39	Sry. N. Bhargavy, Hindi Lecturer, Government Intermediate College, Trivandrum
	Mathematics
40	Sri. Hariharan, B.A., B.T., Training Institute, Trichur
41	Sri. G. Kutten Pillai, Headmaster, N. S. S. E. H. S., Manickamangalam, Kalady
42	Sri. K. M. Philip, B.A., L.T., Headmaster, Pope XI E. H. S., Bharanikkavu, Pallickal
	Science
43	Dr. P. P. Antony, Retired Civil Surgeon, Trichur
44	Sri. N, Balakrishnan Nayar, Museum Superintendent, Trichur
45	Sry. K. Rajamma, Teacher, G. H. S., Ernakulam

LIBRARY ARCHIVES Kerala Legislative Assembly

History, Civics and Geography

S. No.	Name and address of member
46	Sri. A. V. Narayana Iyer, Headmaster, St. George's School, Pariyaram Trichur
47	Sri. P. S. Velayudhan, M.A., Lecturer, Maharaja's College, Ernakulam
48	Sri. Alexander Vakayil, M. L. A., Kumbalanji, Cochin.

ടെക്സ്റ്റ്ബുക്ക് കമ്മിറ്റി അംഗങ്ങളുടെ നിയമനവും തെരഞ്ഞെടുക്കപ്പെട്ട പുസ്തകവും

*ശ്രീ. (സ്പീ) ശ്രീ. മങ്കുഴി എം. മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സ്കൂൾവർഷത്തെ പാഠ്യപുസ്തകങ്ങൾ തെരഞ്ഞെടുക്കാനുള്ള കമ്മിറ്റി എന്നാണ് നിയമിച്ചത്;

(ബി) ഈ വർഷത്തിൽ പാഠ്യപുസ്തകമായി അംഗീകരിക്കുന്നതിന് എത്ര പുസ്തകങ്ങൾ കിട്ടിയിരുന്നു;

(സി) പാഠ്യപുസ്തകം തെരഞ്ഞെടുത്തു പരസ്യം ചെയ്തതെന്നാണ്;

(ഡി) കമ്മിറ്റിയിലുള്ള ഒരംഗത്തിനു മറ്റംഗങ്ങൾ ആരെല്ലാമെന്നു അറിവുണ്ടായിരുന്നുവോ;

(ഇ) ടെക്സ്റ്റ്ബുക്ക് കമ്മിറ്റിയോടാലോചിക്കാതെ എത്ര പുസ്തകങ്ങൾ അംഗീകരിച്ചിട്ടുണ്ട്?

ചീഫ് മിനിസ്റ്റർ (ടി. കെ. നാരായണപിള്ള):

(എ) 1950 ഏപ്രിൽ ആദ്യം.

(ബി) 1950.

(സി) 1950 മേയ് 20-ാംനു നടത്തിയ പ്രസ്സ് കോൺഫറൻസിലും 1950 ജൂൺ 29-ാംനുള്ള ഗസറ്റിൽ പരസ്യപ്പെടുത്തിയും പ്രസിദ്ധം ചെയ്തു.

(ഡി) ഇല്ല.

(ഇ) മുന്നും അംഗീകരിച്ചിട്ടില്ല.

ശ്രീ. എ. കെ. ജോഷ്വ: ടെക്സ്റ്റ്ബുക്ക് കമ്മിറ്റി പുസ്തകങ്ങൾ സമയത്തു അംഗീകരിക്കാത്തതുകൊണ്ടു പുസ്തകങ്ങൾ വേണ്ടസമയത്തു കിട്ടാനിടയായിട്ടില്ലെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില സ്ഥലങ്ങളിൽ സമയത്തു പുസ്തകം കിട്ടാനിടയായിട്ടില്ലെന്നറിയാം. പക്ഷെ അതിന്റെ കാരണം ഇതാണൊ എന്നു നിശ്ചയമില്ല.

ശ്രീ. എ. കെ. ജോഷ്വ: ഇതല്ല അതിനു കാരണമെങ്കിൽ മറ്റെന്തു കാരണങ്ങൾകൊണ്ടാണ് പുസ്തകങ്ങൾ സമയത്തു കിട്ടാതിരുന്നതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു മറ്റു പലകാരണങ്ങളും ഉണ്ടായിരിക്കാം.

ശ്രീ. പി. നാണു: കമ്മിറ്റി പുസ്തകങ്ങൾ തെരഞ്ഞെടുത്തപ്പോൾ വിദ്യാഭ്യാസഡയറക്ടരോട് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly